# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട്ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 21/2020(42), വെള്ളിയാഴ്ച്ച | തീയ്യതി 22.05.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 23.05.2020 | 24.05.2020 | 25.05.2020 | 26.05.2020 | 27.05.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 3 | 2 | 2 | 5 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട്സ) | 7 | 7 | 7 | 7 | 7 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് | | വിരിപ്പു കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലംഒരുക്കൽആരംഭിക്കാം. |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണത്തിന് മുൻകരുതലായി 50 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് ഇലക്കവിളുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| ജാതി | ഇല പൊഴിച്ചിൽ | ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചിയും മഞ്ഞളും നടുന്ന സമയമാണ്. മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ്/സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ | - | പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ ട്രൈക്കോഡർമ സമ്പുഷ്ഠ ചാണകം ചേർക്കുന്നതു വഴി കുമിൾരോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ് |
| മൃഗസംരക്ഷണം | മഴക്കാലം തുടങ്ങുന്നതിനുമുമ്പേ കേടുപാടുകൾമാറ്റി തൊഴുത്ത് കെട്ടുറപ്പുള്ളതും ശുചിത്വമുള്ളതുമാക്കുക.(CAADECCS, KVASU, Mannuthy) | |